## സർക്കാർ വാങ്ങിയ വാഹനങ്ങൾ

134 (137) ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ ടൂറിസം വകുപ്പിനുവേണ്ടി എത്ര വാഹനങ്ങൾ വാങ്ങിയെന്നും അവ ഏതെല്ലാം കമ്പനികളുടേതാണെന്നും വെളിപ്പെടുത്തുമോ ;

(ബി) ഓരോ ഇനത്തിലുംപ്പെട്ട വാഹനങ്ങൾക്കുവേണ്ടി എന്തു തുക വീതം ചെലവായി ;

(സി) മന്ത്രിമാർക്കുവേണ്ടി ഏതെല്ലാം ഇനത്തിൽപ്പെട്ട എത്ര കാറുകൾ വീതം വാങ്ങി ;

(ഡി) അവയുടെ വിലയെത്രയാണ് ;

(ഇ) ടൂറിസം വകുപ്പ് വാങ്ങിയതും മന്ത്രിമാരുടെ ആവശ്യത്തിന് വിട്ടുകൊടുത്തതുമായ കാറുകളുടെ എണ്ണമെത്ര ;

(എഫ്) ഏതെല്ലാം ഇനത്തിൽപ്പെട്ട കാറുകളാണ് മന്ത്രിമാരുടെ ആവശ്യത്തിന് നൽകിയത് ; അവയുടെ വിലയെത്രയാണ് ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടൂറിസം വകുപ്പ് ആകെ 47 കാറുകൾ വാങ്ങിയിട്ടുണ്ട്. ഹിന്ദുസ്ഥാൻ മോട്ടോഴ്സ്, ഫോർഡ് എസ്കോർട്ട്, പ്രീമിയർ ആട്ടോമൊബൈൽസ്, മിത്തുബിഷി, ബെൻസ്, ദേവു മോട്ടോഴ്സ്, ഓപ്പൽ, മാരുതി ഉദ്യോഗ് എന്നീ കമ്പനികളിൽ നിന്നുമാണ് കാറുകൾ വാങ്ങിയത്.

(ബി) ഹിന്ദുസ്ഥാൻ മോട്ടോഴ്സിന്റെ 25 അംബാസഡർ കാറിനും ഒരു കോണ്ടസ്സാ കാറിനുംകൂടി 1.08,07,009 രൂപയും, ഫോർഡ് എസ്കോർട്ടിന്റെ 5 കാറുകൾക്ക് 42,24,326 രൂപയും പ്രീമിയർ ആട്ടോമൊബൈൽസിന്റെ ഒരു പ്യൂഷെ കാറിന് 6,86,012 രൂപയും മാരുതിയുടെ 8 കാറുകൾക്ക് 16,46,368 രൂപയും 3 ലാൻസർമിത്തുബിഷി കാറുകൾക്ക് 24,98,583 രൂപയും 2 സീലോകാറുകൾക്ക് 11,57,500 രൂപയും ഒരു ബെൻസ് കാറിന് 26,87,726 രൂപയും, ഒരു ഓപ്പൽ കാറിന് 7,99,670 രൂപയും ചെലവായിട്ടുണ്ട്.

(സി) മന്ത്രിമാർക്കുവേണ്ടി ഒരു ബെൻസ് കാർ, 3 ലാൻസർകാറുകൾ, 4 ഫോർഡ് കാറുകൾ, ഒരു പ്യൂഷെകാർ, ഒരു ഓപ്പൽ ആസ്ട്രാ കാർ, 14 അംബാസഡർ കാറുകൾ എന്നിങ്ങനെ വാങ്ങിയിട്ടുണ്ട്.

(ഡി) അവയുടെ വില 1,58,81,747 രൂപയാണ്.

(ഇ) ടൂറിസം വകുപ്പിനുവേണ്ടി 47 കാറുകൾ വാങ്ങിയതിൽ 15 എണ്ണം മന്ത്രിമാർക്ക് സ്ഥിരമായി അനുവദിച്ചിട്ടുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) 7 അംബാസഡർ കാറുകളും 3 ലാൻസർ കാറുകളും, 3 ഫോർഡ് കാറുകളും, 1 ബെൻസ് കാറും, 1 ഓപ്പൽ ആസ്ട്രാ കാറും ആണ് മന്ത്രിമാർക്ക് നൽകിയത്. കൂടാതെ മുഖ്യമന്ത്രിയുടെ ആവശ്യത്തിനായി ഒരു അംബാസഡർ കാർകൂടി നൽകിയിട്ടുണ്ട്. വിലസംബന്ധിച്ച വിവരം (ബി), (ഡി) വിഭാഗങ്ങൾക്കുള്ള മറുപടിയിൽ ഉണ്ട്.

**കായംകുളത്തെ ജലയോരവിശ്രമ കേന്ദ്രത്തിന്റെ നിർമ്മാണം**

135 (138) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളത്ത് നിർമ്മാണം ആരംഭിച്ച ജലയോര വിശ്രമകേന്ദ്രത്തിന്റെ പണി ഇതുവരെ പൂർത്തിയായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പണിക്ക് ഇത്രയേറെ കാലതാമസം വരാൻ കാരണമെന്താണ് ;

(സി) ഇക്കാര്യത്തിൽ കരാറുകാരന്റെ അനാസ്ഥയുണ്ടായിട്ടുണ്ടോ ; എങ്കിൽ ഇതേക്കുറിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കുമോ ;

(ഡി) ഈ സർക്കാരിന്റെ കാലത്ത് ഈ ജലയോര വിശ്രമകേന്ദ്രം ഉദ്ഘാടനം ചെയ്യാൻ നടപടി സ്വീകരിക്കുമോ ;

(ഇ) ഈ കേന്ദ്രത്തിന്റെ നിർമ്മാണച്ചെലവ് എത്ര എന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(എഫ്) ഇതുവരെ എത്ര രൂപ ചെലവായി ;

(ജി) ഈ കേന്ദ്രത്തിന്റെ നിർമ്മാണത്തിനുള്ള കേന്ദ്ര-സംസ്ഥാന വിഹിതങ്ങൾ എത്ര വീതം വരുമെന്ന് പറയാമോ ?

ഉത്തരം

(എ) കായംകുളം ജലയോര വിശ്രമകേന്ദ്രം പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടിട്ടുള്ള സമയം 2000-ാമാണ്ട് മാർച്ച് മാസമാണ്.

(ബി) പദ്ധതിക്കാവശ്യമായ സ്ഥലം ഫിഷറീസ് വകുപ്പിൽ നിന്നും കൈമാറി കിട്ടിയതാണ്. ഈ സ്ഥലത്ത് ഫിഷറീസ് വകുപ്പിന്റെ ഒരു ഓഫീസ് പ്രവർത്തിച്ചിരുന്നു. പദ്ധതിയുടെ നിർമ്മാണത്തിന്റെ ഭാഗമായി ഈ ഓഫീസ് മാറ്റി സ്ഥാപിക്കുന്നതിനായി ഫിഷറീസ് വകുപ്പിനുവേണ്ടി പുതിയ ഓഫീസ് കെട്ടിടം നിർമ്മിച്ചു. എന്നാൽ ഫിഷറീസ് വകുപ്പ് പുതിയ കെട്ടിടത്തിലേയ്ക്ക് മാറാനുള്ള കാലതാമസമാണ് പണി പൂർത്തിയാക്കുന്ന കാര്യത്തിൽ കാലതാമസത്തിനിടവരുത്തുന്നത്.

(സി) കരാറുകാരന്റെ അനാസ്ഥ ഉണ്ടായിട്ടില്ല.

(ഡി) ചോദ്യം (എ)യ്ക്കു നൽകിയ മറുപടിയിലേയ്ക്ക് ശ്രദ്ധക്ഷണിക്കുന്നു.

(ഇ) 49,96,000 രൂപ (നാൽപ്പത്തി ഒൻപതു ലക്ഷത്തി തൊണ്ണൂറ്റി ആറായിരം രൂപ)

LIBRARY ARCHIVES Kerala Legislative Assembly